27
ജൂൺ 2023
ചൊവ്വ
Pages- 5
Vol. 2 Issue 145

# ക്രിസ്ത്യൻലൈവ് ദിനപത്രം


On the Battlefield for the Great Commission
CNL7 MEDIA
514

# ഗീത മസിഹും മകനും അറസ്റ്റിൽ



മതപരിവർത്തനം നടത്തിയെന്നാരോപിച്ച് വ്യത്യസ്ത കേസുകളിൽ ഒരു സ്ത്രീയും മകനും ഉൾപ്പെടെ മൂന്ന് പേർക്കെതിരെ യുപിയിൽ മതപരിവർത്തന നിരോധന നിയമ പ്രകാരം കേസ്

പേജ് 04 കാണുക



## ഒമാനിലെ വത്തിക്കാൻ പ്രതിനിധിക്ക് സ്വീകരണം നൽകി

www.christianlive.in cnl7news@gmail.com +91 98465 52220

## എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂൺ 27 ചൊവ്വ



# സമയത്തെ വിവേചിക്കുക

**ഇ**ന്ത്യയിലെ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെ അറിയുന്നവരാണ് നാം. ഏതു മതവും സ്വീകരിക്കുവാനും പ്രചരിപ്പിക്കുവാനും അനുവാദം ഉണ്ടായിരുന്ന, ഈ രാജ്യം ഇന്ന് മതപരിവർത്തന നിരോധിത മേഖലയാക്കി മാറ്റുവാൻ ഒരു കൂട്ടർ ശ്രമിക്കുന്നു. മണിപ്പൂർ പോലെയുള്ള ക്രിസ്തീയ സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൂരമായ പ്രവർത്തികൾ കാണുമ്പോൾ മറ്റു പല ക്രൂരതകൾ നടത്തിയ രാജ്യങ്ങൾപോലും ലജ്ജിക്കുന്നു. ഇത്രയധികം വർഗീയതയുടെ വിത്തുകൾ പാകി മനുഷ്യസമൂഹത്തെ വികലമാക്കിയ സംസ്കാരങ്ങൾ ഒരു കാലത്ത് ഇന്ത്യക്ക് ചേരാത്തതായിരുന്നു. ഇന്ന് എല്ലാ തരത്തിലും ഉള്ള മാലിന്യങ്ങൾ പുതിയ തലമുറകളിൽ എത്തുവാൻ കാരണം ഇതുപോലെയുള്ള മനുഷ്യന്റെ അധഃപതിച്ച സ്വഭാവ വൈകല്യങ്ങൾ ആണ്. തമ്മിൽ ഉപദ്രവിക്കുവാനും കൊല്ലുവാനും കീറി നുറുക്കുവാനും മടിയില്ലാത്ത ഒരു മനുഷ്യസമൂഹം ഉയർന്നു വരുന്നു.

ഇതിന്റെയെല്ലാം നടുവിൽ ഈ കാലത്തെ, സമയത്തെ വിവേചിക്കുവാൻ ദൈവത്തിൽ നിന്നും നിയോഗം പ്രാപിച്ചവർ എവിടെ? വീടും വയലും തോട്ടവും നേടി ഉന്നത സ്ഥാനമാനങ്ങൾ കയ്യടക്കി രാഷ്ട്രീയ സമൂഹത്തെ പോലും അത്ഭുതപ്പെടുത്തുന്ന കുടില തന്ത്രങ്ങളുമായി സഭകളിൽ വിരാജിക്കുന്ന അത്മായരും സ്വയം ദൈവത്തിന്റെ സ്ഥാനം ഏറ്റെടുത്തു വിലസുന്ന അഭിഷിക്തരും അവർക്ക് കൊടിപിടിക്കുന്ന കുറെ നാരദന്മാരും ദൈവസഭയെ കുട്ടിച്ചോറാക്കുന്നു. കാലത്തെ വിവേചിച്ച് പ്രാർത്ഥനമുറികളിൽ ചിലവഴിക്കേണ്ടവർ ഇന്ന് പ്രതികരണത്തിനായി വേദി കൾ ഒരുക്കുന്നു. നിൽക്ക് ഒരുനിമിഷം...... നിങ്ങൾ ഈ സമയത്ത് മിണ്ടാതിരുന്നാൽ.... ദൈവം തന്റെ പ്രവർത്തി ചെയ്യും. മണിപ്പൂർ ഇവിടെയും ആവർത്തിക്കും. ദൈവത്തിന്റെ മുൻപിൽ കണക്കു പുസ്തകങ്ങൾ തുറക്കപ്പെടും എന്ന ചിന്തയിൽ നമുക്ക് ഒന്ന് കൂടി പ്രാർത്ഥനാ മുറിയിലേക്കും ദൈവ സാന്നിധ്യത്തിലേക്കും മടങ്ങാം... സമയം ആയി..



സിസ്റ്റർ ഷീലാ ദാസ്

# ടോറൊന്റോ ബ്രാംപ്റ്റണിൽ യൂത്ത് ക്യാമ്പ്

ടോറൊന്റോ: ഷാലോം ഇന്റർനാഷണൽ പെന്തക്കോസ്തൽ സഭയുടെ ആഭിമുഖ്യത്തിൽ 2023 ജൂലൈ മാസം 7, 8 തീയതികളിൽ യൂത്ത് ക്യാമ്പ് നടക്കുന്നു. ബ്രാംപ്റ്റൺ പീൽ ഇന്റർനാഷണൽ ബാപ്റ്റിസ്റ്റ് ചർച്ചിൽ രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ നടക്കുന്ന ക്യാമ്പിൽ പാസ്റ്റർ പ്രത്യാഷ് തോമസ്( യു സ് എ) മുഖ്യാതിഥി ആയിരിക്കും. പരിശുദ്ധാത്മ സ്നാനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് മീറ്റിംഗുകൾ നടക്കുന്നത്.

സഹോദരൻമാരായ എബിൻ അലക്സ്, പ്രമോദ് ഫിലിപ്പ്, ഫിന്നി ബെൻ തുടങ്ങിയവർ ഗാനശുശ്രുഷകൾക്ക് നേതൃത്വം കൊടുക്കും.

സഭാ വിഭാഗ വ്യത്യാസമെന്യേ എല്ലാ യുവജനങ്ങൾക്കും ക്യാമ്പിൽ പങ്കെടുക്കാം. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് യാത്രാ ക്രമീകരണം ചെയ്യുന്നതാണ്. സഭയുടെ സീനിയർ പാസ്റ്റർ കെ.എ. ജോൺ ആത്മീയ ശുശ്രുഷകൾക്കു നേതൃത്വം നൽകുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബ്രദർ അജിത് റോയി, സിസ്റ്റർ സ്റ്റെഫി സുരേഷ് എന്നിവരുമായി ബന്ധപ്പെടുക.

# മൊമെന്റോ നൽകി



ഷാർജ : യുഎഇ യിലെ സഭാ ശുശ്രൂഷയ്ക്ക് ശേഷം ജാർഖണ്ഡിലേക്ക് സ്ഥലം മാറിപ്പോകുന്ന ഷാർജാ ബെഥേൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് പാസ്റ്റർ കോശി ഉമ്മന് യുപിഎഫ് യുഎഇ എക്സിക്യൂട്ടിവ് കമ്മിറ്റി മെമന്റോ നൽകി ആദരിച്ചു.

ഷാർജ വർഷിപ്പ് സെന്ററിൽ ഇന്നലെ നടന്ന സമ്മേളനത്തിൽ യുപിഎഫ് പ്രസിഡണ്ട് പാസ്റ്റർ നിശാന്ത് എം ജോർജ് അധ്യക്ഷത വഹിച്ചു.ഐ പി സി ഷാർജാ വർഷിപ് സെന്റർ സീനിയർ പാസ്റ്റർ വിൽസൺ ജോസഫ് , യുപി എഫ് ജനറൽ സെകട്ടറി തോമസ് വർഗീസ് തുടങ്ങിയവർ ആശംസകൾ നേർന്നു. ചർച്ച് ഓഫ് ഗോഡ് യുഎഇ നാഷണൽ ഓവർസിയർ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു.

# ഒമാനിലെ വത്തിക്കാൻ പ്രതിനിധിക്ക് സ്വീകരണം നൽകി



അംബാസഡർമാർ, നയതന്ത്ര പ്രതിനിധികൾ, പ്രമുഖ ബിസിനസ് വ്യക്തിത്വങ്ങൾ തുടങ്ങിയവർ പങ്കെടുത്തു

മസ്കത്ത്: ഒമാനിലെ വത്തിക്കാൻ നയതന്ത്ര പ്രതിനിധിയായി ചുമതലയേറ്റ ആർച് ബിഷപ് നിക്കോളസ് തെവ്നിന് ഒമാനിലെ മുൻനിര ഓഡിറ്റ്, അഡ്വൈസറി സ്ഥാപനമായ ക്രോവ് ഒമാൻ സ്വീകരണം നൽകി. ഹോർമുസ് ഗ്രാൻഡ് ഹോട്ടലിൽ നടന്ന ചടങ്ങിൽ അംബാസഡർമാർ, നയതന്ത്ര പ്രതിനിധികൾ, പ്രമുഖ ബിസിനസ് വ്യക്തിത്വങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ഒമാനും അവിടത്തെ ജനങ്ങളും പുലർത്തി വരുന്ന മതപരമായ സഹിഷ്ണുതയിലും സഹവർത്തിത്വത്തിലും സ്വാഗതപ്രസംഗം നടത്തിയ ക്രോവ് ഒമാൻ മാനേജിങ് പാർട്ണർ ഡേവിസ് കല്ലൂക്കാരൻ, സുൽത്താൻ ഹൈതം ബിൻ താരീഖിന് നന്ദിയറിയിച്ചു. ആർച് ബിഷപ്പിന് ഒമാനി കുന്തിരിക്കം അടങ്ങിയ മെമന്റോ ഉപഹാരമായി നൽകി. തെക്കൻ അറേബ്യയിലെ വികാരി അപ്പസ്തോലിക്ക ബിഷപ് പൗളോ മാർട്ടിനെല്ലിയും സ്വീകരണ ചടങ്ങിൽ സംബന്ധിച്ചു. ഈജിപ്തിലെ നയതന്ത്ര പ്രതിനിധിയും അറബ് ലീഗിലെ വത്തിക്കാൻ പ്രതിനിധി കൂടിയുമായ നിക്കോളസ് തെവ്നിൻ ഒമാനിലെ നോൺ റസിഡന്റ് അംബാസഡറായാണ് നിയമിതനായിട്ടുള്ളത്.

## ഏഴ് ദിന ഉപവാസ പ്രാർത്ഥന

തിരുവല്ല : ശാരോൻ ഫെലോഷിപ്പ് ചർച്ച്, പൊടിയാടിയുടെ ആഭിമുഖ്യത്തിൽ ജൂൺ 26 മുതൽ ഏഴ് ദിന ഉപവാസ പ്രാർത്ഥന നടക്കും. ജൂലൈ 2 വരെ നടക്കുന്ന പ്രാർത്ഥനയിൽ പാസ്റ്റർമാരായ തോമസ്കുട്ടി പത്തനാപുരം, റെജി മാത്യു കോട്ടയം, സോവി മാത്യു തിരുവല്ല, റെജി വർഗീസ് കറുകച്ചാൽ, ബിജു ജോൺ മാവേലിക്കര എന്നിവർ വചനശുശ്രുഷ നിർവഹിക്കും. പാസ്റ്റർ നൈനാൻ കെ. ജോർജ് യോഗങ്ങൾക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് : +91 75589 70007.

## സംസ്ഥാനത്ത് അതിശക്തമായ മഴയുടെ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ മഴ സാഹചര്യം ഇന്നത്തോടെ കനത്തേക്കും. വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂന മർദ്ദവും തെക്കൻ ഗുജറാത്ത് തീരം മുതൽ കേരള തീരം വരെ ന്യൂന മർദ്ദ പാത്തി നിലനിൽക്കുന്നതുമാണ് കേരളത്തിൽ കാലവർഷം കനക്കാൻ കാരണമാകുക.

ഇത് പ്രകാരം ഇന്ന് കേരളത്തിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് ഇടുക്കി ജില്ലയിലാണ് അതിശക്ത മഴ മുന്നറിയിപ്പായ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. എട്ട് ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലാണ് ഇന്ന് യെല്ലോ ജാഗ്രതയുള്ളത്. സംസ്ഥാനത്ത് 5 ദിവസം വ്യാപകമായ മഴക്ക് സാധ്യതയെന്നാണ് കാലാവസ്ഥ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

Editorial board

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 email: cnl7news@gmail.com



# ഇന്ത്യൻ ട്രാക്കുകളിൽ ഇനി ഹൈഡ്രജൻ ട്രെയിനുകൾ ഓടും



ഹരിയാനയിലെ ജിന്ദ് ജില്ലയിലൂടെയാവും ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ ഓടുക. ഈ വർഷം അവസാനത്തോടെ ഹൈഡ്രജൻ പവർ തീവണ്ടികൾ ഓടിത്തുടമെന്നും ഇതിനായുള്ള രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ പവർ പ്ലാന്റ് ജിന്ദിൽ ആരംഭിക്കുമെന്നും റെയിൽവേ വക്താക്കളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു

ന്യൂഡൽഹി : പൊതുഗതാഗത മേഖലയെ ഹരിതവത്കരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ റെയിൽവേയുടെ ആദ്യ ഹൈഡ്രജൻ ട്രെയിൻ വൈകാതെ ഓടിത്തുടങ്ങുമെന്ന് റിപ്പോർട്ട്. നോർത്തേൺ റെയിൽവേ ജനറൽ മാനേജർ ശോഭൻ ചൗധരി കഴിഞ്ഞ ദിവസം ഹരിയാനയിലെ ജിന്ദ് ജില്ലയിൽ നടത്തിയ സന്ദർശനത്തിനിടെയാണ് ഇത് സംബന്ധിച്ച് സൂചനകൾ നൽകിയത്. നിലവിൽ ജർമ്മനിയിൽ മാത്രമാണ് ഹൈഡ്രജൻ ട്രെയിനുകൾ ഓടുന്നതെന്നും ഇന്ത്യ എങ്ങനെയാണ് ഇത്തരം ട്രെയിനുകൾ ആരംഭിക്കുന്നത് എന്നറിയാൻ ലോകം മുഴുവൻ പദ്ധതി ഉറ്റുനോക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഹരിയാനയിലെ ജിന്ദ് ജില്ലയിലൂടെയാവും ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ ഓടുക. ഈ വർഷം അവസാനത്തോടെ ഹൈഡ്രജൻ പവർ തീവണ്ടികൾ ഓടിത്തുടമെന്നും ഇതിനായുള്ള രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ പവർ പ്ലാന്റ് ജിന്ദിൽ ആരംഭിക്കുമെന്നും റെയിൽവേ വക്താക്കളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഹൈഡ്രജൻ ട്രെയിനുകൾ ഡീസൽ എഞ്ചിനുകൾക്ക് പകരം ഹൈഡ്രജൻ ഇന്ധന സെല്ലുകളാണ് ഉപയോഗിക്കുന്നത്. ഈ സെല്ലുകൾ ഹൈഡ്രജനും ഓക്സിജനും സംയോജിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഇത് ട്രെയിനിന്റെ മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ പ്ലാന്റ് ജിന്ദ് ജില്ലയിലെ റെയിൽവേ ജംഗ്ഷനു സമീപം സ്ഥാപിക്കും. പ്ലാന്റിന്റെ വികസനം അവസാന ഘട്ടത്തിലെത്തിയതായും ജലത്തിൽ നിന്ന് ഹൈഡ്രജൻ ഉൽപാദിപ്പിക്കുമെന്നും റെയിൽവേ അധികൃതർ പറഞ്ഞു. എട്ട് ബോഗികളുള്ള ഹൈഡ്രജൻ ഇന്ധന അധിഷ്ഠിത ട്രെയിൻ പരിസ്ഥിതി സൗഹൃദമായിരിക്കും.




## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

**വധുവിനെ ആവശ്യമുണ്ട്**

**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

## ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലി വാർഷിക കൺവെൻഷൻ

ഗാർലാൻഡ് : ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലിയുടെ വാർഷിക കൺവെൻഷൻ ജൂൺ 30 മുതൽ ജൂലൈ 2 വരെ ഡാളസിലെ ഗാർലാൻഡിൽ (1001ഷാഡി ലൈൻ) നടക്കും. ആരാധനയിലും കൂട്ടായ്മയിലും ദൈവവചന പഠനത്തിലും കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലി വാർഷിക കൺവെൻഷനിൽ പാസ്റ്റർ ഷാജി മാത്യു മുഖ്യ പ്രഭാഷണം നടത്തും. ജൂൺ 30 മുതൽ ജൂലൈ 2 വരെ വൈകുന്നേരം 7 മുതൽ 9 വരെ നടക്കുന്ന വാർഷിക കൺവെൻഷനിലേക്ക് ഏവരെയും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 735 742 9376, 516 707 2527.

## ഇടുക്കിയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു

ഇടുക്കി : കുറഞ്ഞ ഇടവേളക്ക് ശേഷം ഇടുക്കിയിൽ വീണ്ടും ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. ഇടുക്കിയിലെ വാത്തിക്കുടി പഞ്ചായത്തിലെ 15ാം വാർഡ് പടമുഖത്താണ് ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചത്. ഇതിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള ഫാമുകളിലെ പന്നികളെ ദയാവധത്തിന് വിധേയമാക്കുമെന്നാണ് അതികൃതർ പറയുന്നത്, നേരത്തെയും വ്യാപകമായി ജില്ലയിൽ പന്നിപ്പനി സ്ഥിരീകരിച്ചിരുന്നു.

## കാനഡയിൽ വൻ കാട്ടുതീ ; അറ്റ്ലാന്റിക് സമുദ്രം കടന്ന് പുക യൂറോപ്പിലെത്തി

കാനഡയിൽ വമ്പൻ കാട്ടുതീ. ഏതാണ്ട് 18,688,691 ഏക്കറിലാണ് തീപിടുത്തമുണ്ടായത് . കാട്ടുതീയിലുണ്ടായ പുക ഇപ്പോൾ അറ്റ്ലാന്റിക് സമുദ്രം കടന്ന് പടിഞ്ഞാറൻ യൂറോപ്പിലെത്തിയെന്നാണ് നാസ പറയുന്നത്. ഇതിന്റെ സാറ്റലൈറ്റ് ചിത്രങ്ങൾ നാസ പുറത്തുവിട്ടിട്ടുണ്ട്. ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ കാനഡയിൽ കാട്ടുതീ പതിവാണ്. എന്നാൽ, ഈ വർഷം ഇത് വളരെ അധികമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. 1995നു ശേഷം കാനഡ കണ്ട ഏറ്റവും വലിയ കാട്ടുതീ ആണിത്.

## മോഷ്ടിച്ച ദേവാലയ മണികൾ ജർമ്മനി പോളണ്ടിന് തിരികെ നൽകി

വാർസോ: പോളണ്ടിൽ നിന്നും നാസികൾ മോഷ്ടിച്ച ദേവാലയ മണികൾ ജർമ്മനി പോളണ്ടിന് തിരികെ നൽകി. പോളണ്ടിലെ മൂന്ന് സ്ഥലങ്ങളിൽ ദേവാലയ മണികൾ തിരികെ നൽകുന്ന ചടങ്ങ് നടന്നു. ബിഷപ്പ് ജഫാർഡ് ഫുർസ്റ്റ് തുടക്കമിട്ട 'ബെൽസ് ഓഫ് പീസ് ഫോർ യൂറോപ്പ്' എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് ഇപ്പോൾ ദേവാലയമണികൾ തിരികെ നൽകുന്നത്. രണ്ടു ദിവസങ്ങളിലായാണ് ദേവാലയമണികൾ പോളണ്ടിലെ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചത്. ജർമ്മനിയിലെ റോട്ടൻബർഗ് മെത്രാൻ ജഫാർഡ് ഫുർസ്റ്റും, ബാഡൻവുർട്ടൻബർഗ് പ്രീമിയർ വിൻഫ്രഡ് കൃഷ്മാനുമാണ് ദേവാലയ മണികൾ തിരികെ നൽകുന്ന നടപടിക്രമങ്ങൾക്ക് ചുക്കാൻ പിടിച്ചത്. പോളണ്ടിലെ സ്ട്രാസീവോ, ഫ്രോംബോർക്ക്, സിഗ്ഗോടി എന്നീ സ്ഥലങ്ങളിൽ നിന്നാണ് ദേവാലയ മണികൾ നാസികൾ കടത്തിക്കൊണ്ടു പോയത്. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം വുർട്ടൻബർഗിലെ ദേവാലയത്തിൽ മണികൾ സ്ഥാനം പിടിച്ചു.

റോട്ടൻബർഗിലെ സെന്റ് മാർട്ടിൻ കത്തീഡ്രൽ ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് പോളണ്ടിൽ നിന്ന് കൊണ്ടുവന്ന ഒരു മണി ദേവാലയത്തിൽ ഉപയോഗിക്കുന്നുണ്ടെന്ന് ആദ്യം വെളിപ്പെടുത്തലുണ്ടായിരിന്നു. ഈ കണ്ടെത്തലാണ് ബെൽസ് ഓഫ് പീസ് ഫോർ യൂറോപ്പിന് ആരംഭം കുറിക്കാൻ ഫുർസ്റ്റിന് പ്രേരണ നൽകിയത്. ദുരിത പൂർണ്ണമായ കാലഘട്ടത്തിന്റെ മാത്രമല്ല സമാധാനത്തിന്റെയും, പ്രതീക്ഷയുടെയും സാക്ഷ്യമാണ് ദേവാലയമണികളെന്ന് പോളണ്ടിലെ എൽബ്ലാഗ് രൂപതയുടെ മെത്രാൻ ജാസക്ക് ജിയേർസ്കി ചടങ്ങിൽ സംസാരിച്ചുകൊണ്ട് പറഞ്ഞു. ഉദ്യമത്തിന് ചുക്കാൻ പിടിച്ച ബിഷപ്പ് ഫുർസ്റ്റിന് അദ്ദേഹം നന്ദിയും രേഖപ്പെടുത്തി. ഒരു സമയത്ത് ജർമ്മനിയുടെയും, പോളണ്ടിന്റെയും കലഹത്തിന്റെ പ്രതീകമായിരുന്ന ദേവാലയ മണികൾ ഇപ്പോൾ ഐക്യത്തിന്റെയും, യോജിപ്പിന്റെയും പ്രതീകമാണെന്ന് ഇരു കൂട്ടരും പറഞ്ഞു.

ആത്മീയ സന്ദേശം

# സൗന്ദര്യം ഇല്ലാത്തതായി ഒന്നുമില്ല...



ഷിജി ഏബ്രഹാം.
പട്ടാഴി



മനുഷ്യന്റെ നിറവ് എന്നു പറയുന്നത് ദൈവം മനുഷ്യനോടു കൂടെ ഇറങ്ങി നിൽക്കുന്നതാണ്. മനുഷ്യന്റെ ബലം എന്നു പറയുന്നത് ദൈവത്തിന്റെ കര? അവനെ പിടിച്ചിരിക്കുന്നതാണ്. ദൈവത്തെ നഷ്ടപ്പെട്ട മനുഷ്യൻ ശൂന്യനാണ്. ഉദാഹരണങ്ങൾ വെളിച്ചം നഷ്ടപ്പെട്ട വിളക്കുപോലെ. ആൾപ്പാർപ്പില്ലാത്ത വീടുപോലെ.

ഈ ഭൂമിയിൽ സൗന്ദര്യം ഇല്ലാത്തത് എന്തിനാണ്? കരയുന്ന കണ്ണുകൾക്കാണോ?

കരച്ചിലിന്റെ ഒടുവിൽ സന്തോഷത്തിന്റെ മൊട്ടുകൾ മുളച്ചു വന്നിരിക്കുന്നത് ആ കണ്ണുകൾ അറിഞ്ഞിരുന്നില്ല. കണ്ണുനീരിന്റേയും വേദനയുടേയു ഉള്ളിൽ സന്തോഷത്തിന്റേയും സൗഭാഗ്യത്തിന്റേയും തേൻതുള്ളികൾ മറഞ്ഞിരിപ്പുണ്ട്. രാത്രിയുടെ അന്ത്യത്തിൽ പുലരിയുടെ ഉയിർത്തെഴുന്നേല്പ് വരുന്നു. പിന്നെ ദൈവം സൃഷ്ടിച്ച എന്തിനാണ് സൗന്ദര്യം ഇല്ലാത്തത്? ദൈവം സൃഷ്ടിച്ച സൗന്ദര്യങ്ങളിൽ ഏറ്റവും വലിയ സൗന്ദര്യമാണ് മനുഷ്യൻ. (ഉൽ:1:26). പതിനായിരങ്ങളിൽ അതിസുന്ദരനായ ദൈവമാണ് അവന്റെ പിതാവ്.

പിതാവിന്റെ തേജസ്സേല്ക്കുന്ന മക്കളും പ്രകാശിക്കുന്നു. പ്രകാശമായി തീരുന്നു.ഇരുൾ ഭയന്ന് ഓടി മറയുന്നു. ഇരുളിന് അവരുടെ മുമ്പിൽ പിടിച്ചു നില്ക്കാൻ ബലമില്ലാതാകുന്നു. പ്രകാശം (ദൈവപ്രകാശ?) പതിയ്ക്കുമ്പോൾ സകലതും സൗന്ദര്യമുള്ളതായി തീരുന്നു. രാത്രിക്ക് സൗന്ദര്യം ഇല്ലായെന്ന് പറഞ്ഞത് ആരാണ്?

അതിസുഗന്ധം പരത്തുന്ന മിക്ക പൂക്കളും രാത്രിയുടെ അന്തരീക്ഷത്തിലല്ലേ വിടരുന്നത്. ശവക്കുഴിക്ക് സൗന്ദര്യം ഉണ്ടോ? ഉണ്ട്. എപ്പോൾ? ദൈവപുത്രന്മാർ വിണ്ണുലകം പൂകുമ്പോൾ. ശവക്കുഴി ഉല്ലസിക്കുമോ? ഉല്ലസിക്കും. ദൈവപുത്രന്മാർ പുനരുത്ഥാന ശരീരത്തോടെ കാഹളനാദത്തിങ്കൽ ഉയിർത്തെഴുന്നേറ്റ് രാജാധിരാജാവായ അവരുടെ (നമ്മുടെ )കർത്താവിനെ എതിരേല്പ്പാൻ (1തെസ്സ:4:16,17,13,14)ആർപ്പോടും ഉല്ലാസത്തോടും കൂടെ ഭൂമിയുടെ ഉള്ളറകളിൽ നിന്നും പുറപ്പെടുമ്പോൾ ശവക്കുഴി ഉല്ലസിക്കും.

ശവക്കുഴിക്കുള്ളിൽ കയറിയതുപോലെയല്ല തിരികെ ഉയിർത്തെഴുന്നേറ്റു വരുന്നത്. ഒരു ആനചന്തം എന്നൊക്കെ പറയുന്നതു പോലെ അതിന്റെ പ്രൗഢി ഒന്നു കാണേണ്ടതു തന്നെയാണ് ആത്മരൂപികൾ പറന്നുയരുന്നത്.(1കൊരി:15:4044).നിന്റെ മൃതന്മാർ ജീവിക്കും., എന്റെ ശവങ്ങൾ എഴുന്നേല്ക്കും., പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ.,നിന്റെ മഞ്ഞ് പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു., ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ. (യെശ:26:19). വിശുദ്ധവസ്ത്രാലങ്കാരത്തോടു കൂടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു. (സങ്കീ:110:3).

കണ്ണുനീരിന്റേയും,ഏകാന്തതയുടേയും,ശൂന്യതയുടേയും, തകർച്ചയുടേയും അവസാന അദ്ധ്യായമായി (സാക്ഷ്യമായി) തീർന്ന ശവക്കുഴിയുടെ ഉള്ളിൽ നിന്നും ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശയുടെ സന്തോഷത്തിന്റെ പ്രഭാതം പൊട്ടി വിടരുന്നു.

ജീവനുള്ള ദൈവത്തിൽ ആശ്രയിക്കുന്നവരേ കേൾക്കുവിൻ,നിങ്ങൾ ഒരുനാളും തകർന്നു പോകുകയില്ല.എത്ര വലിയ തകർച്ചയുടെ വക്കിലെത്തിയാലും അവിടെ നിന്നും ഈ ദൈവം നിങ്ങളെ ഉയിർത്തെഴുന്നേല്പിച്ച് പുറത്തു കൊണ്ടുവരും. അതാണ് ശവക്കുഴിക്ക് നമ്മോട് പറയുവാനുള്ളത്. ശവക്കുഴി നമ്മെ പഠിപ്പിക്കുന്ന പാഠം. നമ്മുടെ കർത്താവായ യേശുക്രിസ്തു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് നമുക്കു വേണ്ടി ഉയരത്തിൽ വാഴുകയാൽ സന്തോഷിപ്പിൻ. നമ്മുടെ ദൈവം ജീവിക്കുന്നു. അവിടുത്തെ തിരുനാമം മഹത്വപ്പെടട്ടെ. ആമേൻ, ആമേൻ.

പ്രിയപ്പെട്ടവരേ ശവക്കുഴി ഉല്ലസിക്കുമോ? അതേ ഉല്ലസിക്കും. നമ്മുടെ കർത്താവ് നമ്മോട് കൂടെയുള്ളതിനാൽ ശവപറമ്പുകളും ഉല്ലസിക്കും. മരുഭൂമിയും വരണ്ടനിലവും ആനന്ദിക്കും., നിർജനപ്രദേശം ഉല്ലസിച്ചു പനിനീർ പുഷ്പം പോലെ പൂക്കും., അതു മനോഹരമായി പൂത്ത് ഉല്ലാസത്തോടും ഘോഷത്തോടു? കൂടെ ഉല്ലസിക്കും.... (യെശ:35:1,2).

ഞാൻ പാഴ്മലകളിൽ നദികളെയും താഴ്വരകളുടെ നടുവിൽ ഉറവുകളെയും തുറക്കും., മരുഭൂമിയെ ഞാൻ നീർപ്പൊയ്കയും വരണ്ടനിലത്തെ നീരുറവുകളും ആക്കും. ഞാൻ മരുഭൂമിയിൽ ദേവദാരു, ഖദിരമരം, കൊഴുന്തു, ഒലിവു വൃക്ഷം എന്നിവ നടും., ഞാൻ നിർജന പ്രദേശത്തു സരള വൃക്ഷവും, പയിന്മരവും, പുന്നയുന, വച്ചു പിടിപ്പിക്കും. (യെശ:41:18,19).

ശവപറമ്പ് ഉല്ലസിക്കുമോ? അതേ ഉല്ലസിക്കും.യഹോവയുടെ വായിൽ നിന്നും പുറപ്പെട്ട വചനത്തിന്റെ ശക്തിയാൽ. അസ്ഥി താഴ്വര ജീവനുള്ള സൈന്യത്തെക്കൊണ്ട് അണിനിരക്കും (യെഹ:37:114). ശവക്കുഴി ആരും തിരിഞ്ഞു നോക്കാത്ത ഇടം, സകല പ്രതീക്ഷകളും അസ്തമിച്ച ഇടം, നാശത്തിന്റെ ചവറ്റുകുട്ട, തകർച്ചയുടെ വിളനിലം.

പാഴും ശൂന്യവുമായിത്തീർന്ന് തകർന്നു കിടക്കുന്ന ജീവിതങ്ങൾ യഹോവയുടെ വചനം കേട്ട് ഉയിർത്തെഴുന്നേറ്റുവരും. ആരും ഒരിക്കലും ഹൃദയത്തിൽ പോലും നിനയ്ക്കാത്ത വിധത്തിൽ അവർ ഉയിർത്തെഴുന്നേറ്റു വരും.

ലാസർ ഉയിർത്തെഴുന്നേറ്റതിനു ശേഷം ലാസറിന്റെ കല്ലറ കാണുമ്പോൾ സഹോദരിമാർക്ക് എന്താണ് തോന്നുന്നത്? ഞങ്ങളുടെ സഹോദരൻ അവിടെയില്ല. അവൻ ഇപ്പോൾ ജീവനുള്ളവരുടെ കൂട്ടത്തിലാണ്. മരിച്ചവരുടെ കൂട്ടത്തിലല്ല. ശവക്കുഴിയുടെ ഏകാന്തത വിട്ട് അവൻ ഇപ്പോൾ ജീവന്റെ നാഥനായ യേശുവോടു കൂടെ പന്തിയിൽ ഇരുന്ന് പന്തിഭോജനം ആസ്വദിക്കുന്നു. ജീവിതത്തിനാകെ ഒരു മധുരം അനുഭവപ്പെടുന്നു. ജീവന്റെ നാഥൻ വന്നു വിളിച്ചാൽ മരണത്തിന് പിന്നെ പിടിച്ചു നിൽക്കാനാകുമോ? പകൽ എത്തിയാൽ പിന്നെ രാത്രിയെ അവിടെയെങ്ങും കാണാനാവില്ല. നിന്റെ ജീവിതമാ? രാത്രിയിലേക്ക് പകലിന്റെ വെളിച്ചം വീശാൻ വെളിച്ചങ്ങളുടെ പിതാവ് എത്തി.

ലാസർ ഇപ്പോൾ മരിച്ചവരെ ജീവനിലേക്ക് കൊണ്ടുവരുന്ന ദൈവീക ശുശ്രൂഷയിൽ പങ്കാളിയായി നിൽക്കുന്നു. ലാസറിന്റെ മരണവും, ഉയിർത്തെഴുന്നേല്പും അനേകരുടെ ജീവിതത്തിൽ ജീവനെ കൊണ്ടുവരുവാൻ കാരണമായി.അവരിപ്പോൾ പുനരുത്ഥാനവും, ജീവനുമായ യേശുകർത്താവിനെ കണ്ട് സന്തോഷിക്കുകയാണ്. നാഥനായ് അവർ അവരുടെ ജീവിതം മാറ്റി വച്ചിരിക്കയാണ്. ജീവന്റെ നാഥനുമായിട്ടാണ് അവർക്ക് ഇപ്പോൾ കൂട്ടായ്മ. ഇരുളിന്റെ ജീവിതത്തിനോട് അവർ യാത്ര പറഞ്ഞ് ഇറങ്ങിയിരിക്കയാണ്. സഹോദരിമാർ ഓർത്തു യേശു ഞങ്ങളുടെ ജീവിതത്തിലേക്ക് കടന്നു വന്നിരുന്നില്ലായിരുന്നെങ്കിൽ ഞങ്ങളുടെ സഹോദരന്റെ അവസ്ഥ എന്തായിതീരുമായിരുന്നും

യേശുനാഥനോടുള്ള സ്നേഹത്താലും, നന്ദിയാലും നിറഞ്ഞിട്ട് അവരുടെ കണ്ണുകൾ ആനന്ദത്തിന്റെ കണ്ണുനീരിനെ ഒഴുക്കി.ലാസറിന്റെ സഹോദരിമാരിൽ ഒരുവളായ ഈ മറിയയാണ് താൻ ഏറ്റവും വിലപ്പെട്ടതായി കരുതി വച്ചിരുന്ന പരിമളതൈലം യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടി കൊണ്ട് യേശുവിന്റെ കാൽ തുടച്ചത്. (യോഹ :11:2,1) തന്റെ ജീവിതത്തിലെ ഏറ്റവും വിലയേറിയവനെ അവൾ കണ്ടെത്തിയിരിക്കുന്നു.

പ്രിയരേ, സൗന്ദര്യം ഇല്ലാത്തതായി ഒന്നുമില്ല. സർവ്വശക്തനായ ദൈവത്തിന്റെ സ്പർശനം ഏല്ക്കുമ്പോൾ സകലതും സൗന്ദര്യമുള്ളതായി മാറുന്നു.

# ഗീത മസിഹും മകനും അറസ്റ്റിൽ

- മതപരിവർത്തനം നടത്തിയെന്നാരോപിച്ച് വ്യത്യസ്ത കേസുകളിൽ ഒരു സ്ത്രീയും മകനും ഉൾപ്പെടെ മൂന്ന് പേർക്കെതിരെ യുപിയിൽ മതപരിവർത്തന നിരോധന നിയമ പ്രകാരം കേസ്
- ദരിദ്രർക്കും താഴ്ന്ന വിഭാഗത്തിലുള്ളവർക്കും പ്രലോഫനങ്ങൾ നൽകി കിസ്തുമതത്തിലേക്ക് കൊണ്ടുവരാൻ ഇവർ ശ്രമിക്കുന്നുവെന്ന് പൊലീസ്.
- സർക്കാർ ജോലിയും വിവാഹവും വാഗ്ദാനം ചെയ്തിരുന്നുവെന്നാണ് ഇപ്പോൾ ആരോപണം

ലഖ്നൗ : ഉത്തർപ്രദേശിലെ സീതാപൂർ, റായ്ബറേലി ജില്ലകളിൽ മതപരിവർത്തനം നടത്തിയെന്നാരോപിച്ച് രണ്ട് വ്യത്യസ്ത കേസുകളിൽ ഒരു സ്ത്രീയും മകനും ഉൾപ്പെടെ മൂന്ന് പേർക്കെതിരെ യുപി മതപരിവർത്തന നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം പോലീസ് കേസെടുത്തു. സിതാപൂരിൽ, പാവപ്പെട്ട ഗ്രാമീണരെ ക്രിസ്തുമതത്തിലേക്ക് വശീകരിച്ചു എന്ന് ആരോപിച്ച് ഗീത മസിഹിനെയും മകൻ അനൂജിനെയും അറസ്റ്റ് ചെയ്തു.റായ്ബറേലിയിൽ, ഒരു ഗ്രാമീണനെ നിർബന്ധിച്ച് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ശ്രമിച്ചതിന് സോനു റാവത്തിനെതിരെ കേസെടുത്തു.

സ്ത്രീയും മകനും ദരിദ്രരെയും താഴ്ന്ന പദവിയിലുള്ളവരെയും കണ്ടെത്തി അവരെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു എന്നാണ് സീതാപൂർ കോട്വാലി എസ്എച്ച്ഒ അലോക് മണി ത്രിപാഠി വാദിക്കുന്നത്. സർക്കാർ ജോലിയും വിവാഹവും വാഗ്ദാനം ചെയ്തിരുന്നു എന്നും അവർ ആരോപിച്ചു.

റായ്ബറേലിയിലെ കൊദ്ര ഗ്രാമത്തിൽ, സോനു റാവത്ത് ഞായറാഴ്ച ഒരു ഗ്രാമീണനെ മതം മാറ്റാൻ ശ്രമിക്കുകയായിരുന്നു, എന്നാണ് ആരോപണം തുടർന്ന് നാട്ടുകാരായ കമല ദേവിയും മുന്ന സിങ്ങും ഇടപെട്ടു. യുപിയിലെ നിയമവിരുദ്ധമായ മതപരിവർത്തന നിരോധന നിയമപ്രകാരമാണ് സോനു റാവത്തിനെതിരെ കേസെടുത്തിരിക്കുന്നതെന്ന് എസ്എച്ച്ഒ കുശ്വാഹ പറഞ്ഞു. രണ്ട് കേസുകളിലും അന്വേഷണം നടക്കുകയാണെന്ന് പോലീസ് പറഞ്ഞു.

'വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് ക്രിസ്തിയ പ്രവർത്തനങ്ങളെ ഏതു വിധേനയും തടയാനാണ് വർഗീയവാദികൾ ശ്രമിക്കുന്നത്; പൊലിസും അതിന് കൂട്ടുനിൽക്കുന്ന കാഴ്ച ദുഃഖകരമാണ്. എങ്കിലും തടസ്സങ്ങളെ അതിജീവിച്ച് ഞങ്ങൾ ക്രിസ്തുവിന്റെ സാക്ഷികളായി നിലനിൽക്കും; ഒരു വിധത്തിലുമുള്ള ഒരു പ്രലോഫനവും ഞങ്ങൾ ആർക്കും നൽകിയിട്ടില്ല' ഗീതാ മസിഹ് സീതാപൂരിൽ മാധ്യമങ്ങളോട് പറഞ്ഞു

CNL7 MEDIA
Vol. 2 Issue 145
# CHRISTIANLIVE DAILY
27
Tuesday
Pages 5
514

